# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4107 12.12.2018-ൽ മറുപടിക്ക്

## മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ പുനരുദ്ധാരണം

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ് മെമ്മോ നൽകിയിട്ടുള്ള മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള അനുമതിക്കായി എം.എൽ.എ. സമർപ്പിച്ച കത്തിൻ മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (എ), (ബി) & (സി) | ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റോപ് മെമ്മോ നൽകിയിട്ടുള്ള മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച ബഹു.എം.എൽ.എ. സമർപ്പിച്ച കത്തിൻമേൽ പുരാവസ്തു വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. മട്ടാഞ്ചേരി കോടതി സമുച്ചയത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച് NOC നൽകുന്നതിലേക്ക് യാതൊരു അപേക്ഷയും കോടതി അധികാരികളുടെ ഭാഗത്തു നിന്നും നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും ഇവ ലഭിക്കുന്ന മുറയ്ക്ക് തുടർ പരിശോധനകൾ നടത്തി ഉചിതമെന്ന് കാണുന്ന പക്ഷം NOC നൽകുന്നതിലേയ്ക്ക് ടി അപേക്ഷ നാഷണൽ മോണുമെന്റ് അതോറിറ്റിക്ക് സമർപ്പിക്കുന്നതാണെന്നും പുരാവസ്തു വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| ബി) | ഇത് സംബന്ധിച്ച് പുരാവസ്തു വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | | |
| (സി) | പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള അനുമതി എന്നത്തേക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ